"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം നടത്തിയതിന്റെ ഭാഗമായി തുക ചെലവഴിച്ച മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2713/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-
1. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21/06/2025-ലെ കത്ത്.
2. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/08/2025-ലെ PL-26/2025 നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 22/10/2025-ലെ 4.10 നമ്പർ തീരുമാനം.

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഈ വർഷത്തെ (2025-26) സംസ്ഥാനതല പ്രവേശനോത്സവം ജൂൺ 2-ാം തീയതി കലവൂർ ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടന്നിരുന്നു. ബഹു മുഖ്യമന്ത്രിയാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. സ്വാഗത സംഘത്തിന്റെ നിർദ്ദേശമനുസരിച്ച് കലവൂർ എൽ.പി. സ്കൂളിൽ പഠിക്കുന്ന എൽ.കെ.ജി, യു.കെ.ജി 1-ാം ക്ലാസ് വിദ്യാർത്ഥികളായ 300 കുട്ടികൾക്ക് സ്കൂൾ ബാഗ്, കസേര, വാട്ടർബോട്ടിൽ എന്നിവ വാങ്ങുന്നതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിരുന്നു.

| ക്രമനം | ഇനം | ചെലവ് (രൂപ) |
|---|---|---|
| 1. | ബാഗ്, വാട്ടർ ബോട്ടിൽ | 1,52,999 രൂപ |
| 2. | ബേബി ചെയർ | 71,000 രൂപ |
| 3. | ഫ്ലക്സ് ബോർഡ് | 8,500 രൂപ |
| | **ആകെ** | **2,32,999 രൂപ** |

തനത് ഫണ്ടിൽ നിന്ന് ഈ തുക ചെലവഴിച്ച നടപടിക്ക് സാധൂകരണം നല്കണമെന്നാവശ്യപ്പെട്ട്

പരാമർശം (1), (2) പ്രകാരം ലഭിച്ച അപേക്ഷ സർക്കാർ പരാമർശം (3) പ്രകാരം പരിശോധിച്ചു. ബഹു. മുഖ്യമന്ത്രി പങ്കെടുത്ത പരിപാടിയാണ് എന്നതു പരിഗണിച്ച് ഒരു പ്രാവശ്യത്തേക്ക് മാത്രമായി പ്രത്യേക അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മധുസൂദനൻ വി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ ജില്ല.

സെക്രട്ടറി, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ് കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3323728)

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 07-11-2025 17:00:19
സെക്ഷൻ ഓഫീസർ